"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം.സർ.സി.2/97/2025-പൊ.ഭ.വ.

പൊതുഭരണ (സർവ്വീസസ്-സി) വകുപ്പ്
തിരുവനന്തപുരം,
തീയതി: 03-05-2025

<u>മെമ്മോ</u>

വിഷയം:- പൊതുഭരണ വകുപ്പ് - ജീവനക്കാര്യം - ശ്രീമതി ജയശ്രീ ശശികുമാർ - ആശ്രിത നിയമന പദ്ധതി പ്രകാരം ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമനം - ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:- നികുതി (എഫ്) വകുപ്പിന്റെ സ.ഉ(കൈ)നം.42/2025/TAXES തീയതി 21/04/2025 നമ്പർ ഉത്തരവ്

സൂചനയിലെ സർക്കാർ ഉത്തരവ് മുഖേന, എക്സൈസ് വകുപ്പിൽ തൃശ്ശൂർ എക്സൈസ് സർക്കിൾ ഓഫീസിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ജോലി നോക്കിവരവെ 05/05/2022-ന് മരണപ്പെട്ട കെ. ശശികുമാറിന്റെ ഭാര്യയായ ശ്രീമതി.ജയശ്രീ ശശികുമാർ, പാട്ടത്തിൽ വീട്, കമ്മ്യൂണിറ്റി ഹാളിന് സമീപം, കൊടകര, തൃശ്ശൂർ - 680684 സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം 23000-50200 രൂപ (റിവൈസ്ഡ് സ്കെയിൽ) ശമ്പള സ്കെയിലിൽ പൊതുഭരണ വകുപ്പിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിലവിലുള്ള ഒഴിവിൽ പരാമർശം സർക്കാർ ഉത്തരവിലെ നിബന്ധനകൾക്ക് വിധേയമായി 1958-ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവീസ് ചട്ടങ്ങളിലെ പൊതുചട്ടം 9(a), (i), 10(b) എന്നിവ പ്രകാരം നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

2. ശ്രീമതി. ജയശ്രീ ശശികുമാർ, ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസങ്ങൾക്കകം പൊതുഭരണ സെക്രട്ടേറിയേറ്റ് നോർത്ത് ബ്ലോക്കിലെ രണ്ടാം നിലയിലുള്ള പൊതുഭരണ (സർവ്വീസസ്-സി) വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി മുൻപാകെ ജോലിയിൽ പ്രവേശിക്കുന്നതിനായി ചുവടെ ചേർക്കുന്ന രേഖകൾ സഹിതം ഹാജരാകേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തുന്ന പക്ഷം നിയമന ഉത്തരവ് റദ്ദാക്കുന്നതാണ്.

i. പ്രായം, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്നതിനുള്ള രേഖകളുടെ അസ്സൽ , സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

ii. കേരള സർവ്വീസ് റൂൾസ് പാർട്ട് -1 ചട്ടം 13, 30.06.2011-ലെ സ.ഉ.(പി) നം.20/2011/ഉ.ഭ.പ.വ. ഉത്തരവ് പ്രകാരമുള്ള സിവിൽ സർജ്ജൻ റാങ്കിൽ കുറയാത്ത മെഡിക്കൽ ഓഫീസർ ഒപ്പുവെച്ചതും ഉദ്യോഗാർത്ഥിയുടെ വിരലടയാളം ഉള്ളതും പാസ്പോർട്ട് സൈസ് ഫോട്ടോ പതിച്ചതുമായ മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ്.

iii. അഞ്ച് പാസ്സ്പോർട്ട് സൈസ് ഫോട്ടോകൾ, (മൂന്ന് ഫോട്ടോകളുടെ പുറക് വശത്ത് സംസ്ഥാന സർക്കാർ സർവ്വീസിലുള്ള ഗസറ്റഡ് ഓഫീസർ മുറപ്രകാരം സാക്ഷ്യപ്പെടുത്തിയിരിക്കണം.

iv. സംസ്ഥാന സർക്കാർ സർവ്വീസിലുള്ള 2 ഗസറ്റഡ് ഓഫീസർമാർ മുറപ്രകാരം സാക്ഷ്യപ്പെടുത്തിയ 2 സ്വഭാവ സാക്ഷ്യപത്രം.

v. ആധാർ കാർഡ്, വോട്ടർ ഐഡന്റിറ്റി കാർഡ്, പാൻകാർഡ്, റേഷൻ കാർഡ് എന്നിവയുടെ അസ്സൽ, സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

3 . ജോലിയിൽ പ്രവേശിക്കുവാൻ ഹാജരാകുമ്പോൾ മുകളിൽ പറയുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ജോലിയിൽ പ്രവേശിക്കുവാൻ അനുവദിക്കുന്നതല്ല.

4. ഇപ്പോഴുള്ള ജനന തീയതി തിരുത്തി കിട്ടേണ്ടതുണ്ടെങ്കിൽ ജോലിയിൽ പ്രവേശിച്ച് 5 വർഷത്തിനകം

(30/12/1991-ലെ സർക്കാരവ് ഉത്തരവ് (പി)45/91/ഉ.ഭ.പ.വ അനുസരിച്ച് അപേക്ഷിക്കേണ്ടതാണ്. പിന്നീട് ഈ കാര്യത്തിൽ സമർപ്പിക്കുന്ന അപേക്ഷകൾ പരിഗണണിക്കുന്നതല്ല.

5. നിയമനത്തിനുശേഷം ഉദ്യോഗസ്ഥരുടെ സ്വഭാവം, പൂർവ്വചരിത്രം എന്നിവ സംബന്ധിച്ച് 05/06/2009-ലെ സ.ഉ.(അ) നം.79/2009/Home ഉത്തരവ് പ്രകാരം നടത്തുന്ന അന്വേഷണത്തിൽ സർക്കാരിന് എന്തെങ്കിലും അതൃപ്തി തോന്നുന്നപക്ഷം മുൻകൂർ അറിയിപ്പില്ലാതെതന്നെ ജോലിയിൽ നിന്നും പിരിച്ചുവിടാവുന്നതും, എന്നാൽ അന്വേഷണത്തിൽ സ്വഭാവം തൃപ്തികരമാണെന്ന് ബോദ്ധ്യപ്പെടുന്നപക്ഷം ചട്ടങ്ങൾക്കനുസൃതമായി ശ്രീമതി.ജയശ്രീ ശശികുമാറിന് റഗുലർ സർവ്വീസിൽ നിയമനത്തിന് അർഹത ഉണ്ടായിരിക്കുന്നതാണ്.

6. ശ്രീമതി.ജയശ്രീ ശശികുമാർ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ മൂന്ന് വർഷത്തിൽ രണ്ട് വർഷം പ്രൊബേഷനിലായിരിക്കുന്നതാണ്.

7 . അപേക്ഷക അപേക്ഷ സമർപ്പിക്കുന്ന വേളയിലോ അന്വേഷണം നടത്തുന്ന സമയത്തോ വസ്തുനിഷ്ഠമല്ലാത്ത വിവരങ്ങൾ നൽകിയതായോ, യാഥാർത്ഥ്യം മറച്ചു വച്ചതായോ, തെറ്റായ വിവരം ലഭ്യമാക്കിയതോയോ കണ്ടെത്തുകയാണെങ്കിലോ അല്ലെങ്കിൽ ഉത്തരവ് പുറപ്പെടുവിച്ചതിൽ തെറ്റുപറ്റിയെന്ന് പിന്നീട് കണ്ടെത്തുകയാണെങ്കിലോ സമാശ്വാസ തൊഴിൽദാന പദ്ധതിപ്രകാരം നൽകിയ നിയമനം റദ്ദ് ചെയ്യുന്നതാണ്.

8 . ശ്രീമതി. ജയശ്രീ ശശികുമാർ-ന്റെ ആശ്രിത നിയമനം സംബന്ധിച്ച വിവരങ്ങൾ മരണമടഞ്ഞ ഉദ്യോഗസ്ഥന്റെ സേവനപുസ്തകത്തിലും ടിയാൻ അവസാനം ജോലി ചെയ്ത ഓഫീസിലെ എസ്റ്റാബ്ലിഷ് മെന്റ് രജിസ്റ്ററിലും രേഖപ്പെടുത്തേണ്ടതാണ്.

SHARJA BEEVI K
ഡെപ്യൂട്ടി സെക്രട്ടറി

1) ശ്രീമതി ജയശ്രീ ശ്രീകുമാര്, പാട്ടത്തിൽ വീട്, കമ്മ്യൂണിറ്റി ഹാളിന് സമീപം, കൊടകര, തൃശ്ശൂർ - 680684
2) എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം.
3) ജില്ലാ കളക്ടർ, തൃശ്ശൂർ
4) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ&ഇ), കേരള, തിരുവനന്തപുരം
5) പൊതുഭരണ (അക്കൗണ്ട്സ്- എം) വകുപ്പ്
6) നികുതി (എഫ്) വകുപ്പ് ( സ.ഉ(കൈ) നം.42/2025/TAXES തീയതി21.04.2025 നം സർക്കാർ ഉത്തരവ് പ്രകാരം)
7) വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്, (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
8) കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Aneesh Basheer
Date: 03-05-2025 16:19:21
സെക്ഷൻ ഓഫീസർ.